# സാററർഡേ@ബ്യാംഗ്ലൂർ.കോ.ഇൻ

*8.15* am

ഹ !മെനകെട്ടവനെ ..വാതിൽ അടച്ചിട്ടു ഇരുന്നൂടെടാ..

അയ്യോ..ഡാ തടിയാ...നീ കാലത്തെ ചാടി വരുമെന്ന് ഞാൻ വിചാരിച്ചാ..! അളി, വാതിൽ അടയുന്നില്ലട്ടാ ..തണുപ്പ് കാലം തുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ കൊല്ലം ഓർമയില്ലേ.. തണുപ്പത്ത് ഈ വാതില് വീർത്തു വീർത്തു വരും..ഇനി ഒരു മാർച്ച് വരെ അടയൂല്ല..

എങ്കി നിനക്ക് ഒരു പാട്ട് പാടിക്കൊണ്ട് ഇരുന്നൂടെ.. അല്ലെങ്കി ബക്കററിൽ വെള്ളം വീഴ്ത്തുന്ന സൌണ്ട് ഉണ്ടാക്കി ഇരുന്നൂടെ..

ങ്ങ!പാട്ട് പാടാം.. യോ ..കനകസിംഹാസനത്തിൽ.. അഹ!..കയറി ഇരിക്കുന്നവൻ.. ഷേക്ക് ഇററ്..

ഡ്യാ..ബക്കററിൽ വെള്ളം വീഴ്ത്തുന്ന സൌണ്ട് ഉണ്ടാക്കിയാ മതി..

*8.40* am

ഡാ,ഗീസർ ഓൺ ആണ്.. പെട്ടന്ന് പോയി കുളി.. എന്തുവാടെ.. കൊറേ ദിവസമായി.. ഒന്നുകില് കണ്ണാടിയുടെ മുന്നിൽ ബുൾഗാനും പണിത് നിക്കും ! അല്ലെങ്കി മൊബീൽ എടുത്തിട്ട് ഇന്ബോക്സും നോക്കി ഇരിപ്പ്.. ഇന്നാളു വരെ ബ്ലോഗ് ആയിരുന്നു.. ഇപ്പ അതൊന്നു നിന്നിട്ടുണ്ട്.. പോയി വല്ല പ്രാന്താശുപത്രിയിലും കാണിക്കടെ..

മോനെ.!നിനക്കറിയില്ല! അവളുടെ മെസ്സേജ് ഇല്ലാത്ത ഇന്ബോക്സ്.. ബോറിംഗ്.. അവളുടെ സ്വരം കേൾക്കുമ്പോ..റിംഗ് ടോൺ.. മനസിലെ അവളുടെ രൂപം ..വാൾപേപ്പർ..

ങ്ങ!അവള് കെട്ടിപ്പോകുന്നത് വരെ.. വാലിഡിററി പിരീഡ്..

പോടെ! അളി, മുററ് ആവാൻ തീരുമാനിച്ചു ..കഴിക്കാൻ പോണ സമയം മുടീം വെട്ടിക്കും പിന്നെ ഒരു ഫെയർ ആൻഡ് ഹാൻസോം വാങ്ങിക്കും!

*9.50* am

എന്താടാ മുടി വെട്ടിക്കാൻ പോണെന്ന് പറഞ്ഞു പോയിട്ട് വെട്ടിയില്ലേ?അയ്യേ ദെ നിന്റെ ബാക്ക് സൈഡ് മാത്രം പകുതി വെട്ടി വെച്ചിരിക്കുന്നു ?ആളി..മുട്ടൻ കത്രികപാട് ഒക്കെ ഉണ്ടല്ല!

പണി പാളിയെടെ.മുടി വെട്ടാൻ ഇരുന്നപ്പ കളേഴ്സ് ചാനലിൽ മറേറ ബിഗ് ബദ്രർ പരിപാടിയുടെ റീ ടെലികാസ്റ്റ്..പമേല ആണ്ടെഴ്സൻ ടർക്കി ടവല്ലും ഇട്ടു നിക്കുന്നു. മുടി വെട്ടുന്നവനുൾപടെ സകലവനും അതും നോക്കി നിൽപ്പ് ആണ്..

എന്നിട്ട് ഈ കോലം ആകുന്ന വരെ നീ അവിടെ ഇരുന്നെച്ചാ? നിനക്ക് ഇറങ്ങി പോരാൻ മേലെ?

ഇല്ലടെ,പരസ്യം ആകാൻ വേണ്ടി വെയിററ് ചെയ്തതാ..

നീ ഫെയർ ആൻഡ് ഹാൻസം വാങ്ങാൻ പോണു എന്ന് പറഞ്ഞിട്ട് ..അതും വാങ്ങിചില്ലേ?

ഞാൻ അത് മേടിക്കാൻ വേണ്ടി കടയിൽ ചെന്നതാടെ, സംഭവം എടുത്തിട്ട് ..ഇത് ആർക്കു വേണ്ടി ആണെന്ന് കടക്കാരൻ ചോദിച്ചു ,ഞാനിങ്ങു പോന്നു..കോപ്പ്.

*10.40*am

തടിയാ,നമ്മ ഈ ന്യൂ ഇയർ ബംഗളൂര് ആഘോഷിക്കുന്നു.. ബ്രിഗേഡ് റോഡ് ,,അവിടെ രാത്രി പതിനൊന്നേ അമ്പതിഅഞ്ചു മുതൽ ലൈററ് ഓഫ് ആക്കുമെന്ന്.. അളിയാ.അന്നേരം എന്തും നടക്കും..എന്തും..!!

എന്തിനു പോകുന്നതാ. വല്ലവന്മാരും ഓരോ എണ്ണത്തിനെ കക്ഷത്തിൽ വെച്ചോണ്ട് നടക്കുന്നത് കാണാം.അല്ലാതെ എന്ത് പീര ഓലത്താനാ നമ്മ പോയിട്ട്..

ങ്ങ!അതും ശെരിയാണ്..വല്ലവനും കൊണ്ട് നടക്കുന്ന പെണ്ണ് എന്ന് പറയുന്നത് ചില സിനിമകൾ പോലെ ആണ്..ചുമ്മാ കണ്ടിരിക്കാം..

*11.25* am

എന്തുവാടെ,കൊറേ നേരം ആയല്ല..എസ്സെമ്മെസ്സുകളുടെ പ്രളയം ?വലല്തും നടക്കോ?

തടിയാ. ഫോറകസാംഭില്.. ഒരുത്തി നമ്മളോട് ടോപ് സീക്രെട്ട്സ് ആണെന്ന് പറഞ്ഞു കൊറേ കാര്യങ്ങൾ പറഞ്ഞാൽ അതിന്റെ ഒക്കെ അർഥം എന്താ?

അതൊന്നും ടോപ് സീക്രട്ട്സ് അല്ല എന്നാണു അതിന്റെ അർഥം!

ങേ! ആണോ ..കോപ്പ് ..നമ്മ വൺവെ ടീംസ് ആലോചിച് ഇതക്ക വെല്ല്യ കാര്യം ആയിട്ട് കൊണ്ട് നടക്കും അല്ലെ?

അതെ അതെ!

എന്നിട്ട് നമ്മൾ പകരം നമക്ക് അറിയാവുന്ന റിയലി ടോപ് സീക്രെട്ട്സ് അവരുടെ അടുത്ത് വിളമ്പേം ചെയ്യും..

ങ്ങ!അങ്ങനെ ഉള്ളവൻ ഒക്കെ അനിൽ ഊംബാനി ആയ ചരിത്രമേ ഉള്ളൂ.! മോനെ..ഞാൻ തൊമ്മന്റെ റൂമിൽപോയിട്ട് അവന്മാരുടെ കയ്യിൽ പുതിയ ഡൌൺലോഡ് ചെയ്ത പടം വല്ലതും ഉണ്ടോ എന്ന് നോക്കിയിട്ടും വരാം.. നീ ഇവിടെ എസ്സെമ്മെസ്സും കുത്തി ഇരി..

അവൾടെ എസ്സ്മ്മെസ്..നോവൽ... അവൾ പറഞ്ഞത് എല്ലാം ..പോയെം..

*11.55* am

ആളി,നമ്മടെ തൊമ്മന്റെ റൂമിൽ ഉള്ള സിജീഷ് ഇല്ലേ..അവൻ ദെ അവിടെ ഇടീം കൊണ്ട് കെടക്കുന്നു..

സ്പിന്നെ.!! ആരവനെ ഇടിച്ച്?

അവനിന്നലെ ഓഫീസിന്നു എട്ടര ആയപ്പ ബസ് സ്റ്റോപ്പിൽ വന്നു നിന്നെന്നു..അന്നേരം ഒരു ടെമ്പോ ട്രാവലർ വന്നു നിർത്തിയിട്ടു ചന്ദാപ്പുര ചന്ദാപ്പുര എന്ന് വിളിച്ചു.. ഇവൻ അതിൽ കേറി..ഇവന്മാര് സാധാരണ അതിലൊക്കെ കേറാറുള്ളതു ആണെന്ന് പറയുന്നു. ഇന്നലെ ഇവൻ ഒറ്റയ്ക്ക് ആയിരുന്നു..

എന്നിട്ട്?

ഇവൻ അതിൽ കേറി ,നോക്കിയപ്പോ ഒരു അഞ്ചാറു പേര് ഓൾറെഡി അതിനകത്ത് ഉണ്ട്. ഇവൻ ചെന്ന് ബാക്ക് സീററിൽ ഇരുന്നു..വണ്ടി ജസ്റ്റ് വിട്ടു കഴിഞ്ഞു അന്നേരം ഫ്രെണ്ടിൽ ഇരുന്ന ഒരുത്തൻ എണീച്ചു ബ്യാക്കിലെക്ക് വന്നു..ഇവൻ വിചാരിച്ചു പൈസ മേടിക്കാൻ വേണ്ടി വരുന്നത് ആണെന്ന്.. വന്നപാടെ പുള്ളി ഇവന്റെ തലയ്ക്കിട്ടു കൈവീശി ഒരെണ്ണം കൊടുത്തു എന്ന്..കറക്റ്റ് നമ്മടെ ചെവിക്കും കണ്ണിനും നടുക്ക ഒരെണ്ണം കിട്ടിയാ ആ നിമിഷം നമ്മൾടെ ബോധം കുറച്ചു നേരത്തേക്ക് പോകും ..

അമ്മെ!എന്നിട്ട് എന്ത് സംഭവിച്ചു..

ആ നിമിഷം തന്നെ സൈഡ് ഇല് ഇരുന്നെച്ച ഒരുത്തൻ ഇവന്റെ കഴുത്തിൽ അങ്ങ് വട്ടം പിടിച്ചു സീററിന്റെ അടിയിലേക്ക് തല പിടിച്ചു വലിച്ചു.. ഇവൻ അന്നേരം ബഹളം ഉണ്ടാക്കാൻ നോക്കിയപ്പോ ആരാണ്ടും ഒക്കെ മുതുകത്ത് പട പട ന്നു ഇടിച്ചെന്നു.. ഇവന്റെ ഒച്ച പുറത്തു കേൾക്കാതിരിക്കാൻ വേണ്ടി അവന്മാര് പാട്ട് വെച്ചതിന്റെ സൌണ്ട് കൂട്ടി..ഇവൻ എങ്ങനെ ഒക്കെ കാറിയിട്ടും കൂടുതൽ കൂടുതൽ ഇടി കൊള്ളുന്നതല്ലാതെ വേറെ മെച്ചം ഒന്നുമില്ല. അന്നേരം തന്നെ ഒരുത്തൻ വന്നു ഇവന്റെ പോക്കററിൽ നിന്ന് പേഴ്സും മൊബൈൽ ഐഡി എല്ലാം എടുത്തോണ്ട് പോയി..

ശെന്ട പൊന്നോ..!!

മെയിൻ റോഡിൽ നിന്ന് ഇവന്മാര് ഏതോ വളവ് എടുത്തു ഉള്വഴിയിലൂടെ പോകുന്നതായി ഇവന് മനസിലായി.. ഇവന് പിന്നെ മരിക്കുമോ എന്നൊക്കെ ആയി ചിന്ത.. ഇവൻ ബഹളം നിർത്തി.. അന്നേരം കഴുത്തിന് കുത്തി പിടിച്ചേച്ച അവൻ ഇവന്റെ ഷർട്ട് അഴിച്ചു എടുത്തു..മാല ഉണ്ടോ എന്ന് നോക്കാൻ വേണ്ടി ആയിരുന്നു.. മാല ഉണ്ടായിരുന്നില്ല. അതുകൊണ്ട് അത് പോയില്ല..

ഷൂ ഒക്കെ അഴിച്ചോണ്ട് പോയട..ഒരു രക്ഷയുമില്ല. ഇവന്മാര് എന്നിട്ട് ഇവന്റെ ഷർട്ട് കീറി അവന്റെ മുഖത്ത് കെട്ടി.. ഇവന് ഒന്നും കാണാൻ മേല.. എന്നിട്ട് അവന്മാര് ഏതോ ഒരു വയലിന്റെ സൈഡിൽ കൊണ്ട് പോയി വണ്ടിയിൽ നിന്ന് ഉന്തി ഇട്ടു ഇവനെ..

എന്നിട്ട് ഇവൻ എങ്ങനെ തിരിച്ചു വന്നടാ?

ഇവന് കൊറേ നേരത്തേക്ക് എന്താ സംഭാവിക്കുന്നെ എന്ന് മലസിലാക്കാൻ പററിയില്ലട.. ഇവൻ ഏതോ ഒരു മരത്തിന്റെ കീഴെ പോയി കൊറേ നേരം ഇരുന്നു..തലക്കിട്ടു ഇടി കിട്ടിയതിന്റെ മരവിപ്പ് മാറാൻ കൊറേ നേരം എടുത്തു.. പിന്നെ ഇവൻ പേടിച്ചു വിറങ്ങലിച്ചു പോയിട്ടും ഉണ്ടാകണം..

ഒറപ്പല്ലേ!! എന്റ അമ്മെ!

ഇവൻ കൊറേ നേരം കഴിഞ്ഞു അവിടന്ന് എണീച്ചു തോന്നിയ ദിശയിലേക്ക് ഒരു ഊഹം വെച്ച് നടന്നു.. കൊറേ നേരം കഴിഞ്ഞപ്പോ ഒരു ബൈക്ക്കാരൻ കന്നഡ ടീം വന്നു..ഇവന് അറിയാവുന്ന കന്നഡ ഒക്കെ വെച്ച് മെയിൻ റോഡ് എവിടെ ആണെന്ന് ചോദിച്ചു.. പിന്നെ ഇവൾ ഓൾമോസ്റ്റ് ഒരു രണ്ടു കിലോമീററർ നടന്നു റോഡിൽ എത്തി.. മറേറ ആ ഹോസ റോഡ് ജങ്ക്ഷൻ.. അവിടന്നും നടന്നു ഒരുവിധത്തിൽ റൂമിലെത്തി.. റൂമിൽ ആണേൽ ആരും ഇല്ലട..സകല അവന്മാരും അന്ന് നാട്ടിൽ പോയെക്കുവായിരുന്നു.. ഇവന് ആണേൽ കഴുത്തു അനക്കാൻ മേലാത്ത അവസ്ഥേം,പിന്നെ മുതുകത്ത് ഒക്കെ ഇടി കൊണ്ട് ആകെ ചൊമന്ന പാടാണ്..

എന്നിട്ട് എന്താണ് ഇപ്പ അവസ്ഥ..? പോയി കണ്ടെച്ചും വരാം.. നീ വന്നണ്ടാ?

അവടെ കിടപ്പുണ്ട്. എങ്ങാണ്ടും നടന്നു പോയി അമൃതാന്ജൻ ഒക്കെ വാങ്ങി അവൻ തന്നെ മുതുകത്തു തേച്ചു പിന്നെ കൊറേ പാരസെററാമോളും വാങ്ങി തിന്നു എന്ന്...

പോലീസ് കേസ് കൊടുത്തിട്ടൊന്നും ഒരു മൈരയും നടക്കാൻ പോണില്ലടെ ..ഇവിടെ ഭാഷ അറിയാത്തവൻ എന്നും പട്ടി തന്നെ ആണ്.. അവിടെ ചെന്ന് ചെലപ്പ നമ്മളെ പിടിച്ചു തെളിയാതെ കിടക്കുന്ന രണ്ടു മൂന്നു കേസ് ഏൽപ്പിക്കും.. അതിൽ വല്ല ബലാൽസംഗം ടൈപ്പ് ആണെങ്കിൽ പിന്നെ തീർന്നു..

ആളി. നമ്മ ഇത്തവണ ന്യൂ ഇയർ വീട്ടിൽ ആഘോഷിക്കും.. രാത്രി പോയി വല്ലവന്റേം ഇടി കൊള്ളാൻ വയ്യ.. ഒന്നാമതെ ആവശ്യത്തിൽ കൂടുതൽ തൊല്ല ഉണ്ട്..അതിന്റെ

പൊറത്ത് ഇതും കൂടി ആയല്.. ങ്ഹു ഹു..

അടിക്കുറിപ്പ്: ഇത് ഒരു യഥാർത്ഥ സംഭവം ആണ്..